# ആഖ് നദിയിൽ നീന്തിയതെങ്ങിനെ?

ഡോ.എം.ആർ.ഗോവിന്ദൻ

*എല്ലാവരുടെയും ജീവിതത്തിൽ ശ്രദ്ധേയമായ അനേകം അനുഭവങ്ങളുണ്ടാകും. ഡോക്ടറുടെ ജീവിതത്തിലെ അപൂർവ്വവും മറക്കാത്തതുമായ ഒരു ഓർമ്മ*

1965 സെപ്റ്റംബറിൽ ഇന്തോ - പാക് യുദ്ധം കഴിഞ്ഞ് വെടിനിർത്തൽ പ്രഖ്യാപിച്ചശേഷം സമരഭൂമിയിൽ നിന്ന് (പാക്കിസ്ഥാനിൽ നിന്ന്) ഇന്ത്യൻ പട്ടാളം പിൻവാങ്ങി. ജമ്മുവിലെ ആർ.എസ്സ്.പുരയിലെ ബ്രിഗേഡിനുകീഴിൽ ഡോഗ്ര 14-ാം റെജിമെന്റിലെ മെഡിക്കൽ ഓഫീസറായി തുടരുന്നകാലം. യുദ്ധഭൂമിയിൽ നിന്ന് തിരിച്ചു വന്നതിനാൽ കർക്കശമായ ദിനസരിപരേഡുകളിലൊന്നും പങ്കെടുക്കാറില്ല.

അങ്ങിനെയൊരു കാലത്ത്-

സൂര്യരശ്മികൾ ടെന്റിനകത്തേക്ക് അരിച്ചിറങ്ങുകയായിരുന്നു. തണുപ്പ് കുടഞ്ഞുമാറ്റി ബെഡ്കോഫിക്ക് കാത്തിരുന്നു. പക്ഷേ ധൃതിവെച്ച് ബെഡ്മാൻ (പട്ടാളം ആഫീസർക്ക് വേല ചെയ്യാൻ നിയുക്തനാകുന്ന പാവം പട്ടാളക്കാരൻ - ഇപ്പോൾ സൈന്യത്തിൽ ഇത് വംശനാശം വന്നുവൊ എന്നറിയില്ല) സുബേദാർ പുറത്ത് കാത്തുനില്ക്കുന്നതായി അറിയിച്ചു. എല്ലാം ഡോഗ്രി ഭാഷയിലാണ് സംസാരം.

സുബേദാർ സാബ് കുറേ നേരമായി പുറത്തു നല്പാണ്-

" വരാൻ പറയ് ഹോം മിനിസ്റ്റർ ജീ." അല്പം കളിയാക്കുന്ന രീതിയിൽ ഇവരോട് സംസാരിച്ച് ശീലമായിപ്പോയി പിന്നെ എന്റെ ബഡ്മാന്റെ പേര് ഹോം മിനിസ്റ്റർ സിംങ്ങ് എന്നത് മറ്റൊരു ശരി. ഹോം മിനിസ്റ്റർ സിങ്ങ് കൂടാതെ അടുത്ത റജിമെന്റിൽ പ്രൈംമിനിസ്റ്റർ സിങ്ങ് കൂടെയുണ്ടായിരുന്നെന്നറിയുക.

"ജീസാബ്"

സുബേദാർ കൊണ്ടു വന്ന വിവരം:

ആഖ് നദിക്കക്കരെ ബി. എസ്. എഫ് ക്യാമ്പിൽ ഒരു ജവാനെ പാമ്പ് കടിച്ചിരിക്കുന്നു. ഡോക്ടർ സാബ് ഉടൻ തന്നെ അവിടെയെത്തണം. അവരുടെ ആർ എം. ഒ. ലീവിൽ നാട്ടിൽ പോയിരിക്കയാണ്.

നിമിഷങ്ങൾക്കകം 'ആന്റി സ്നേക്ക് വെന' മടങ്ങുന്ന കിറ്റുമായി ഞാൻ ജീപ്പിൽ കയറി.

ചീനാബ് നദിയിൽ നിന്നെത്തുന്ന കുളിർകാറ്റിൽ മാംസപേശികൾ വിറക്കുകയായിരുന്നു. അങ്ങകലെ മഞ്ഞുമലകൾ വെട്ടിത്തിളങ്ങുന്ന കാഴ്ച ജീപ്പിലിരുന്ന് പതിവ് പോല ആവോളമാസ്വദിച്ചു. ഒരിക്കലും മുടങ്ങാത്ത ഒരിക്കലും മടുക്കാത്ത ദൃശ്യപ്രപഞ്ച ദർശനം.

ഇടയന്മാർ മൂളിക്കൊണ്ടിരുന്ന അത്ര മനോഹരമായ ഈരടികൾ സ്വയം പാടിക്കൊണ്ടേയിരുന്നു.

മെനു ഹീരെ, ഹീരെ കഹ് ന്താ
ഹായ് ന മുണ്ഡലംബഡാന്താ

വരികളിൽ വർണ്ണങ്ങൾ വിരിയ്ക്കുന്ന റൊമാൻസിന്റെ പരഭാഗശോഭ നാടൻ ശീലുകളിൽ മാത്രം തുടിക്കുന്ന ശോണരാഗങ്ങൾ ഏതോ ഇടയച്ചെറുക്കനെ കണ്ട് ഹൃദയമിടിപ്പുകൾക്ക് താളമിടുന്ന ഇടയബാലികയുടെ തരള വികാരങ്ങൾ.

എന്നെ അയാൾ ഹീരെ, ഹീരെ എന്ന് വിളിയ്ക്കുന്നു. (ലംബ്രാദരുടെ കൊലുന്നനെ ദീർഘാകാനായ ചെക്കൻ ലംബ്രദാർ-വില്ലേജ് പ്രധാൻ ഹീരാ-രജ്ഞന എന്ന അനശ്വര പ്രണയ കഥയിലെ നായികയാണ് ഹീരാ. ലൈല-മജ്നുവിന്റെ, ദേവദാസ് പാർവ്വതിമാരുടെ പഞ്ചാബ് പാഠാന്തരം). വീണ്ടും വീണ്ടും ഈരടികൾ മനസ്സിലുരുവിട്ട് മഞ്ഞുമലകളിൽ ദൃഷ്ടികളൂന്നി ജീപ്പിൽ എത്രദൂരം പോയോ എന്തോ ചീനാബിന്റെ പോഷക നദിയായ ആഖ് നദി കൂലം കുത്തയൊഴുക്കുന്ന കാഴ്ചയാണ് പിന്നെ കണ്ടത്. കലങ്ങിമറിഞ്ഞ് ഇരമ്പിപായുന്ന പുഴ. എല്ലാവരും ഇറങ്ങി കൂടെ വന്നവർ ഫറീഗിലാണ് (പണിച്ചട്ട) ശാന്ത്റാം ബിഷംബർ സിങ്ങ്, ധുരീന്ധർ മല്ലി എന്നിവരായിരുന്നു എന്റെ കൂടെ പോന്നിരുന്നതെന്ന് തോന്നുന്നു. എന്തായാലും ശാന്തറാമിനെ ഇന്നും ഓർക്കുന്നു. (സേനാപിന്മാറ്റത്തിന് മുന്നോടിയായി മൈൻ ഫീൽഡുകളിൽ നിന്ന് സ്ഫോടകവസ്തുക്കൾ നീക്കിയിരുന്നു. പക്ഷേ പിന്നീട് ഫീൽഡ് സർവ്വേക്കിറങ്ങിയ ശാന്തറാം അബദ്ധത്തിൽ നീക്കാതിരുന്ന ഒരു മൈനിൽ ചവിട്ടി തൽക്ഷണം കൊല്ലപ്പെടുകയായിരുന്നു).

പുഴ കടക്കുന്നതിന്നുള്ള ചങ്ങാടമൊ വഞ്ചിയൊ എത്തിയിട്ടില്ലായിരുന്നു. അത്യാവശ്യമായി പുഴ കടന്നേപറ്റൂ.

"സാബിന് നീന്താനറിയാമൊ", മിതഭാഷിയായ ശാന്തറാം ചോദിച്ചു-

" ഓ! അറിയാം" - പക്ഷേ 10 അടിവരുന്ന കൊക്കർണികുളത്തിൽ നീന്തിയുള്ള പരിചയം വച്ച് ഈ ചീറിപായുന്ന ഒഴുക്കിനെ കീറിമുറിച്ച് മറുകരയെത്തുന്നത് ജീവനോടെയുള്ള ഞാനായിരിക്കില്ലെന്ന് എനിക്കറിയാം. അതുകൊണ്ടു- "ശാന്തറാം ഒഴുക്കിൽ നീന്തി പരിചയമില്ല കേട്ടൊ. " മറുപടിയും നടപടിയും ഉടനെയായിരുന്നു. " സാരമില്ല സാബ് 'രണ്ട് ഭാഗത്തും മല്ലിയും ബിഷംബറും നീന്തും ' സാബ് അവരുടെ തോളിൽ കൈകളിട്ടാൽ മാത്രംമതി. പിന്നെ ഞാൻ പിന്നിലുണ്ടാകും. എന്തായാലും ഉടൻ പോകണം. ജവാന്റെ ജീവനല്ലേ പിന്നെ താമസിച്ചില്ല. എന്റെ മെഡിക്കൽ കിറ്റ് ശാന്തറാം അഴിച്ചുമാറ്റി സ്വന്തം മാറിലിട്ടു. ഞാൻ വെള്ളത്തിലറങ്ങി പുലർകാലത്തിന്റെ ശീതളിമയും മരവിപ്പിക്കുന്ന വെള്ളത്തിൽ അല്പം ചൂട് പകരുന്നത് കലങ്ങിമറിയുന്ന ചെളിവെള്ളം മാത്രം... ഒഴുക്കിനൊപ്പവും പടിപടിയായി ഒഴുക്കിന്നെതിരെയുമായി നീന്തിക്കയറിയ ശക്തരായ രണ്ടു പടയാളികൾ അക്ഷരാർത്ഥത്തിൽ എന്നേയും വലിച്ചുകൊണ്ട് പോകുകയായിരുന്നു ബി. എസ്സ്. എഫിന്റെ (ബോർഡർ സെക്യൂരിറ്റി ഫോഴ്സ്) ഫസ്റ്റ് എയ്ഡ് പോസ്റ്റായ ടെന്റിലേക്ക് ഞാനും ശാന്ത്റാമും കൂടെ കയറിച്ചെന്ന് സ്ട്രെച്ചറിൽ മലർന്നുക്കിടക്കുന്ന പരിഭ്രാന്തിയുടെ പകർന്നാട്ടമായ ഒരു പട്ടാളക്കാരൻ കേപ്റ്റൻ ഭാട്ടിയ ഒരു ട്രെൻഞ്ചിൽ നിന്ന് മറ്റൊരു ട്രെൻഞ്ചില്ലേക്ക് ഇൻസെപ്ക്ഷൻ പോയതാണ്. കെട്ടിക്കിടക്കുന്ന ചെളിവെള്ളത്തിൽ ചവിട്ടിയ പാടെ പ്രാണൻ പോകുന്ന വേദനയോടെ അയാൾ പിടഞ്ഞു. ഗം ബൂട്ടിനുള്ളിലേക്ക് കറുത്തൊരു 'സാംബ്' (പാമ്പ്)അരിച്ചു കയറി കടിച്ചതാണ്. പക്ഷേ ഞാൻ നോക്കിയപ്പോൾ അതൊരു പാമ്പൊന്നുമായിരുന്നില്ല. അതിനെ തച്ച് കൊന്നു ഒരു കുപ്പിയിലാക്കിവെച്ചിരുന്നു. അവരതിനെ സാംബെന്നേ നാട്ടുഭാഷയിൽ പറയൂ. ഭീകരവിഷമാണത്രെ അതിന്റെ കടിയേറ്റാൽ - ശരിക്കും പല്ലുകളില്ലാത്ത ഒരു തരം കുരുടി വംശത്തിൽപെട്ടതാണെന്നെ എനിക്ക് തോന്നിയുള്ളൂ.

പരിഭ്രമത്തിന്റെ തറച്ചുകയറുന്ന വേദനയും വിയർപ്പുമൊഴിച്ചാൽ വിഷം ചെന്നതിന്റെ ഒരു ലക്ഷണമില്ല. എന്തായാലും ഒരു ഇൻഞ്ചക്ഷൻ (ആന്റിവെനം അല്ല- അവർ അങ്ങിനെ ധരിക്കുന്നെങ്കിൽ ധരിച്ചോട്ടെ, ഒരു തരം മാനസിക സാന്ത്വനം കിട്ടുമല്ലോ.) പിന്നെ ഒരു ആന്റി അലർജിക് (Avomine) ആണെന്ന് തോന്നുന്നു) ഇൻഞ്ചക്ഷൻ കൂടെ കൊടുത്തു. അതിന്റെ സെഡേഷനിൽ പരിഭ്രമത്തിന്റെമുകൾപാട അകന്നു പോയി. ഒരു ട്രാൻക്വിലൈസർ കൂടെകൊടുത്ത് പിറ്റേദിവസം കാലത്ത് RAP (റെജിമെന്റിൽ എയിഡ് പോസ്റ്റ്) (നമ്മുടെ സാദാ ഔട്ട്പേഷ്യൻറും തന്നെ) വരാൻ പറഞ്ഞ് എല്ലാവരേയും സമാധാനിപ്പിച്ച് മടങ്ങിപ്പോന്നു. വിഷം ഉണ്ടെന്നോ ഇല്ലെന്നോ ബോദ്ധ്യപ്പെടുത്താൻ മിനക്കെട്ടില്ല. പക്ഷേ ഒരപകടവും ഇനിവരില്ലെന്ന് കട്ടായം പറഞ്ഞിട്ടാണ് മടങ്ങിയത്.

### അടുത്തരംഗം

ഒരാഴ്ചകഴിഞ്ഞ് എന്റെ ബറ്റാലിയന്റെ RAPയിൽ പൊടിപറപ്പിച്ചൊരു ജിപ്പ് പറന്ന് വന്ന് നിന്നു. കേപ്ടൻ ഭാട്ടിയയും സഹപ്രവർത്തകനും ചാടിയിറങ്ങി ഒരുഗുഡ് സ്മാർട്ട് സല്യൂട്ടടിച്ച് എന്റെ മുന്നിൽ. എനിക്ക് കാര്യം മനസ്സിലായി അയാളുടെ ജീവൻ രക്ഷിക്കാൻ ഞാൻ പുഴ നീന്തിക്കടന്നകഥ പൊടിപ്പും തൊങ്ങലും വച്ച് എന്റെ കൂടെ വന്നവരിൽ ഒരാൾ (ശാന്ത്റാമാകാൻ വഴിയില്ല. മിലിട്ടറി എറ്റിക്കേറ്റിന്റെ സത്തകടഞ്ഞെടുത്ത ഒരു അത്ഭുതമനുഷ്യനായിരുന്നയാൾ) വച്ച് കാച്ചിയിരിക്കുന്നു. ബുദ്ധിപരമായി അത്രയധികം വളർച്ചയെത്താത്തക്യാപ്റ്റൻ കായികമായി നല്ല തണ്ടും തടിയും. അയാൾ എന്നെ കെട്ടിപ്പിടിച്ചാശ്ലേഷിച്ചപ്പോൾ എനിക്കത് മനസ്സിലായി അപ്പോഴേക്കും എന്റെ കേണൽ (14-ാം ഡോഗ്രയുടെ സാരഥി) സത്യവാൻ സിങ്ങ് ധില്ലൻ മീശപിരിച്ച് ചടാപെടാന്ന് ടെന്റിൽ വന്ന് കയറി. ഇപ്പോൾ ഇംഗ്ലീഷിലാണ് സംസാരം "ക്യാപ്റ്റൻ ഭാട്ടിയയുടെ റെജിമെന്റിൽ ബഡാ ഖാനാക്ക് നിങ്ങളേയും എന്നേയും ക്ഷണിച്ചിരിക്കുന്നു. അല്ലേടോ ക്യാപ്റ്റൻ"? "സംശയമെന്ത്? പക്ഷേ മറ്റൊന്നുകൂടെ- ഡോക്ടർ സാബ്: എന്റെ ഗ്രാമത്തിൽ വന്നേതീരൂ. എന്റെ അച്ഛനും അമ്മക്കും പെങ്ങൾക്കും നിർബന്ധമാണക്കാര്യം".

പോയി, ഗോതമ്പുവയലുകൾ കൊയ്ത്ത് കഴിഞ്ഞ് കുറ്റികൾ പട്ടാളച്ചിട്ടയിൽ പൊങ്ങി നില്ക്കുന്ന വയൽ വരമ്പുകൾ താണ്ടി ഗ്രാമത്തിന്റെ ശ്രീകോവിലിൽ ഞങ്ങൾ കടന്നുചെന്നു- ഒരു സായന്തനത്തിൽ കുളിർകാറ്റും പോക്കുവെയിലും ഇക്കിളിപ്പെടുത്തുന്ന ഗ്രാമാങ്കണങ്ങൾ ചവിട്ടിക്കടന്ന് അയാളുടെ വീട്ടിലെത്തി.

വീട്ടിൽ നിന്ന് ആ ഈരടികൾ ഞാൻ കേൾക്കുന്നു. പാതി തുറന്ന ജനൽ പാളികളിലൂടെ ദുപ്പാട്ടാവ് പാർശ്വം മറച്ച ചെഞ്ചൊങ്ങിയധരങ്ങൾക്കിടയിൽ നിന്ന് കൊഴിഞ്ഞ് വീഴുന്ന നനുത്ത ശബ്ദ വൈഖരി- "മെനു................" ഡോഗ്രാ ഗ്രാമത്തിന്റെ രാഗമുകുളം മനസ്സിൽ കുളിർ മഴ ചൊരിയുന്ന സംഗീതമേഘങ്ങൾ. കുടുംബത്തെ മുഴുവൻ ക്യാപ്റ്റൻ പരിചയപ്പെടുത്തി. " അച്ഛൻ, അമ്മ, പെങ്ങൾ!" വ്രീളാ വിവശയായി, മുടിയിഴകളിൽ നിന്നൂർന്ന് വീഴുന്ന ദുപ്പട്ടാശരിപ്പെടുത്തികൊണ്ടിരുന്ന പെൺകുട്ടിയോട് പേര് ചോദിച്ചു, ചുമ്മാ.

" ചമീല"

ആതിഥ്യം സ്വീകരിച്ച് തിരിച്ച് പോകാൻ ജീപ്പിൽ കയറി.

കുടവുമായി പടിയിറങ്ങി വയലിറമ്പിലെ കിണറ്റിൻകരയിലേക്ക് പോകുന്ന പെൺകുട്ടിയുടെ പിൻഭാഗമാണ് കുറച്ച് ചെന്നപ്പോൾ കണ്ടത്. മനസ്സിൽ വീണ്ടുമൊരു ഈരടി

" ലച്ച്പ്പുടി സൂരതാ വാലി
തൂ ഛോട്ട ഘടാ ചുക്ക്ലച്ചിയേ"

ഡോഗ്രി ഭാഷയുടെ പദസാരള്യം പ്രിയപ്പെട്ടവളുടെ സൗന്ദര്യം കോരിച്ചൊരിയുന്ന വർഷാമേഘമായി പെയ്തിറങ്ങുന്ന ഈരടികൾ - " ഇടുങ്ങിയ, മെല്ലിച്ച അരക്കെട്ടുള്ള പെണ്ണേ,
നീ ചെറിയ കുടമെടുത്ത് പോ"
(അല്ലെങ്കിൽ നടുവൊടിയുമെൻ വ്യംഗ്യം)

ആ ഗ്രാമീണ പെൺകൊടിയെ കടന്നുപോയപ്പോൾ തിരിഞ്ഞുനോക്കി- 'ചമീല'

### വർഷങ്ങൾ കടന്നുപോയി

കഴിഞ്ഞകൊല്ലം ചെന്നൈ നഗരത്തിൽ ഒരു കോൺഫറൻസിന് പോയപ്പോൾ വലിയൊരു ഹോട്ടലിൽ വച്ച് (എത്ര സ്റ്റാറെന്ന് ഓർമ്മിയില്ല) ക്യാപ്റ്റൻ ഭാട്ടിയയുടെ മകനെ കണ്ടുമുട്ടി-അവിടുത്തെ Chief Receptionist ഞങ്ങളുടെ കോൺഫ്രൻസ് ഡോക്യുമെന്റിൽ നിന്ന് ഡോ. എം. ആർ. ഗോവിന്ദൻ ആരെന്ന് തിരക്കി എന്റെ മുറിയിൽ കടന്നുവന്നു. അച്ഛനെ രക്ഷിച്ച സാഹസികനെ വീണ്ടും കണ്ടുമുട്ടിയതിലുള്ള ആഹ്ലാദവുമായി അയാൾ മൊബൈൽ ഫോണിൽ വിരലുകൾ അമർത്തി.

" ഹലോ ഡോകടർ സാബ്-"

"യെസ്"

" ഞാൻ ക്യാപ്റ്റൻ ഭാട്ടിയ. എന്റെ മകനെ കണ്ടല്ലോ. ഡോകടർ സാബ് അവനോട് ഞാൻ പറഞ്ഞിരുന്നു. എപ്പോഴെങ്കിലും മദ്രാസിൽ ഡോക്ടർ സാബിനെ തിരയണമെന്ന് അവൻ കണ്ടു പിടിച്ചു. "ദുർഗ്ഗാദേവിയുടെ അനുഗ്രഹം.!" ഞാൻ ചിരിച്ച് അയാൾക്ക് നന്ദി പറഞ്ഞ് മേൽവിലാസം വാങ്ങി യാത്രയാക്കി. യാദൃച്ഛികതയുടെ അമ്പരപ്പിക്കലോ ദൃഢനിശ്ചയത്തിന്റെ പരിണാമഗുപ്തിയോ?- ഞാൻ കണ്ട ഈ മനുഷ്യന്റെ അന്വേഷണത്തെ വിശദീകരിക്കുന്നത് ഏത് ഗണത്തിൽപെടും? ഏതായാലും പഴയ ഒരു സുഹൃത്തിന്റെ അന്വേഷണത്വരയുടെ ഭരതവാക്യത്തിൽ ഞാൻ ഉൾപ്പെട്ടിരിക്കുന്നു.

'ധന്യ', സെന്റ് മേരീസ് കോളേജ് റോഡ്, തൃശൂർ-20


Ph: 2816960
സഞ്ജീവനി
ആയുർവ്വേദ നേഴ്സിംഗ് ഹോം.
പുത്തൻപള്ളി പി.ഒ. അഴീക്കോട്, കൊടുങ്ങല്ലൂർ
വിദഗ്ദ ഡോക്ടർമാരുടെ
മേൽനോട്ടത്തിൽ പഞ്ചകർമ്മ ചികിത്സകൾ

മെഡിഹോം
ആയുർവ്വേദ & ആൾട്ടർനേറ്റീവ്
മെഡിക്കൽ സെന്റർ
താലൂക്ക് ആശുപത്രിക്ക് സമീപം, ചാവക്കാട് - 680 506
ഫോൺ : 0487 2509828